പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3109 | 19-06-2018-ലെ മറുപടിയ്ക്ക്

## കൃഷി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | യുവാക്കളെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** | യുവാക്കൾ ഉൾപ്പെടെയുള്ള കർഷകർക്ക് സംസ്ഥാനത്തെ 5 പ്രാദേശിക പരിശീലന കേന്ദ്രങ്ങൾ, പന്തളം, വേങ്ങേരി എന്നിവിടങ്ങളിലെ ഫാർമർ ട്രെയിനിംഗ് സെന്ററുകൾ, ആർ.റ്റി.റ്റി.സി വെള്ളായണി എന്നിവ വഴി പരിശീലനം നൽകി വരുന്നുണ്ട്. |
| **(ബി)** | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | **(ബി)** | പ്രസ്തുത പദ്ധതിയുടെ സാമ്പത്തികവും ഭൗതികവുമായ പ്രവർത്തന പുരോഗതി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും എല്ലാ മാസവും കൂടുന്ന യോഗങ്ങളിൽ വിലയിരുത്താറുണ്ട്. |
| **(സി)** | നിലവിലുള്ള ഒൻപത് പരിശീലന കേന്ദ്രങ്ങളിലായി എത്ര യുവാക്കൾക്ക് പരിശീലനം നൽകിക്കഴിഞ്ഞു; വിശദമാക്കാമോ;പ്രസ്തുത സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | **(സി)** | നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിലായി 2017-18 സാമ്പത്തിക വർഷത്തിൽ ഏകദേശം 7125 കർഷകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാന വ്യാപകമായി പ്രധാനമായും 5 പ്രാദേശിക പരിശീലന കേന്ദ്രങ്ങൾ, 2 ഫാർമർ ട്രെയിനിംഗ് സെന്ററുകൾ, ആർ.റ്റി.റ്റി.സി വെള്ളായണി എന്നിവ വഴിയാണ് കർഷക പരിശീലനം സംഘടിപ്പിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**